بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○

# ജുമുഅഃ ഖുത്ബ സംഗ്രഹം 31.03.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെയിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## വിശുദ്ധ ഖുർആനിന്റെ മഹത്വവും പ്രാധാന്യവും - 6

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْکَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِکِ يَوْمِ الدِّيْنِ ○ اِيَّاکَ
نَعْبُدُ وَاِيَّاکَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇപ്പോൾ നമ്മൾ റമദാൻ മാസത്തിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുകയാണ്. ഈ മാസത്തിൽ ഒരാത്മീയ ചുറ്റുപാട് ഉണ്ടാകുന്നു. ഈ മാസത്തിൽ നോമ്പുകളോടൊപ്പം ഇബാദത്തുകളിലേക്കും കൂടുതൽ ശ്രദ്ധ ഉണ്ടാകുന്നു. വിശുദ്ധ ഖുർആൻ ഓതുവാനും കേൾക്കാനും കൂടുതൽ ശ്രദ്ധ ഉണ്ടാകുന്നു. നോമ്പുകളുടെ യഥാർഥ അനുഗ്രഹം കരസ്ഥമാക്കണമെങ്കിൽ ഇബാദത്തുകളോടൊപ്പം വിശുദ്ധ ഖുർആൻ ഓതാനും കേൾക്കാനും കൂടുതൽ ശ്രദ്ധ ഉണ്ടാക്കേണ്ടതുണ്ട്. റമദാനു വിശുദ്ധ ഖുർആനുമായി പ്രത്യേക ബന്ധമുണ്ട്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

شَهۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡهِ الۡقُرۡاٰنُ هُدًی لِّلنَّاسِ

റമദാൻ മാസം വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു. ഈ വിശുദ്ധ ഖുർആൻ മുഴു മനുഷ്യർക്കും സന്മാർഗമായി അയക്കപ്പെട്ടതാണ്.

ചില വിശ്വാസയോഗ്യമായ റിവായത്തുകളിൽ പറയുന്നു: റമദാൻ 24 നാണ് തിരുനബി(സ)ന് ആദ്യത്തെ വഹ്‌യ് ഉണ്ടായത്. അങ്ങനെ എല്ലാ വർഷവും ജിബ്‌രീൽ(അ) നബി(സ)യുടെ അടുക്കൽ വന്ന് വിശുദ്ധ ഖുർആൻ ഒരാവർത്തി റമദാനിൽ പൂർത്തിയാക്കുമായിരുന്നു. അവസാന വർഷം രണ്ടു തവണ ഈ പൂർത്തിയാക്കുകയുണ്ടായി.

നമ്മളും ഈ മാസത്തിൽ വിശുദ്ധ ഖുർആൻ ഓതാനും കേൾക്കാനും അതിന്റെ തഫ്‌സീർ പഠിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എം.ടി.എ.യിൽ വരുന്ന ഖുർആൻ ദർസുകളിലേക്കും ശ്രദ്ധ ചെലുത്തുക. വിശുദ്ധ ഖുർആൻ പാരായണത്തോടൊപ്പം അതിന്റെ തർജ്ജമയും അതിന്റെ തഫ്‌സീറും വായിക്കുകയും കേൾക്കുകയും ചെയ്യുക. അപ്പോഴാണ് നമുക്ക് അതിൽ വിവരിച്ച കൽപനകളുടെ പ്രാധാന്യം മനസ്സിലാവുകയുള്ളു. അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ കഴിയുകയുള്ളു. നമ്മുടെ ജീവിതത്തെ ഖുർആനിക അധ്യാപനം അനുസരിച്ച് ആക്കാൻ കഴിയുന്നതാണ്. ചുരുക്കത്തിൽ റമദാനിന്റെ യഥാർത്ഥ അനുഗ്രഹങ്ങൾ സ്വായത്തമാക്കണമെങ്കിൽ വിശുദ്ധ ഖുർആൻ പാരായണവും അതെ കുറിച്ച് വിചിന്തനവും അനിവാര്യമാണ്. ഹദ്റത് മസീഹ് മൗഊദ്(അ) നമുക്ക് വളരെ വ്യക്തമാക്കി തന്നിരിക്കുന്ന നിർദേശങ്ങൾ കൂടെ കൂടെ വായിക്കുകയും അതെ കുറിച്ച് ചിന്തിക്കുകയും ചെയ്യേണ്ടത് ശരിയായ രീതിയിൽ അതിന്റെ അറിവ് നമുക്കുള്ളിൽ ഉണ്ടാക്കിയെടുക്കാൻ അനിവാര്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവിന്റെ യുക്തിയും കൽപനകളും രണ്ടു വിധത്തിലാണുള്ളത്. ചിലത് സ്ഥായിയും ശാശ്വതവുമാണ്. മറ്റു ചിലത് സാന്ദർഭികവും സമയബന്ധിതമായ ആവശ്യങ്ങളെ മുൻനിർത്തി ഇറങ്ങിയവയുമാണ്. എങ്കിലും അവയ്ക്കും അതിന്റേതായ തലത്തിൽ ഒരു സ്ഥിരതയുണ്ട്. ഉദാഹരണമായി യാത്രയിൽ നമസ്കാരവും നോമ്പും സംബന്ധിച്ച കൽപനകളും സ്ഥിരമായി താമസിക്കുന്ന സ്ഥലങ്ങളിലുള്ള അവസ്ഥകളിൽ ഉള്ള കൽപനകളും വ്യത്യസ്തമാണ്. യാത്രയിൽ നമസ്കാരങ്ങൾ ജംഅ് ആക്കുന്നതിനും ഖസ്ർ ആക്കുന്നതിനും അനുവാദമുണ്ട്. എന്നാൽ പൊതുവിൽ നമസ്കാരങ്ങൾ പൂർണമായും അനുഷ്ഠിക്കേണ്ടതാണ്. തുടർന്ന് ആ മഹാത്മാവ് പറയുന്നു: തൗറാത്തിന്റേയും ഇഞ്ചീലിന്റേയും കൽപനകളെല്ലാം സാന്ദർഭിക ആവശ്യങ്ങൾക്ക് അനുസൃതമായിരുന്നു. നബി(സ) കൊണ്ടുവന്ന ശരീഅത്തും ഗ്രന്ഥവും ശാശ്വതവും സ്ഥായിയുമായ ന്യായപ്രമാണമാകുന്നു. അതുകൊണ്ട് തന്നെ അതിൽ വിവരിച്ചിട്ടുള്ള കാര്യങ്ങൾ സമ്പൂർണവും പരിപക്വവുമാകുന്നു. വിശുദ്ധ ഖുർആനിന്റെ നിയമങ്ങൾ ശാശ്വതമാണ്. തൗറാത്തും ഇഞ്ചീലും വിശുദ്ധ ഖുർആൻ വന്നില്ലെങ്കിൽ പോലും കാലഹരണപ്പെട്ടുപോകുമായിരുന്നു.

കാരണം അവ ശാശ്വതവും സ്ഥായിയായതുമായ നിയമങ്ങൾ അല്ലായിരുന്നു. ഖുർആനിക മാർഗദർശനങ്ങൾ തികച്ചും സമ്പൂർണവും എല്ലാ കാലഘട്ടത്തേക്കും ഉള്ള അധ്യാപനമാകുന്നു.

തന്റെ ആഗമന ലക്ഷ്യത്തെ വിവരിച്ച് കൊണ്ടും വിശുദ്ധ ഖുർആൻ സമ്പൂർണ ന്യായപ്രമാണമാണെന്ന് വിവരിച്ചുകൊണ്ടും അദ്ദേഹം പറയുന്നു: ഞാൻ വന്നതിന്റെ ഉദ്ദേശം ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിക്കുക; സഹായിക്കുക എന്നതാണ്. (ഞാൻ ഒരു പുതിയ ശരീഅത്ത് പഠിപ്പിക്കാൻ വന്നതല്ല.) തിരുനബി(സ)യിൽ ശരീഅത്തും നുബുവ്വത്തും സംപൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. ഇനി ഒരു ശരീഅത്തും വരാവതല്ല. വിശുദ്ധ ഖുർആൻ അവസാനത്തെ ഗ്രന്ഥമാകുന്നു; അതിൽ ഇനി ഒരു വള്ളിയോ പുള്ളിയോ കൂട്ടാനോ കുറയ്ക്കാനോ പഴുതില്ല. തിരുനബി(സ)യുടെ അനുഗ്രഹങ്ങളുടേയും ഖുർആന്റെ അധ്യാപനങ്ങളുടേയും ഫലങ്ങൾ ഒരിക്കലും അവസാനിക്കുന്നില്ല. അത് എല്ലാ കാലത്തേക്കും പുതുമയോടെ നിലകൊള്ളുന്നു. അതിന്റെ തന്നെ അനുഗ്രഹങ്ങളുടെ സാക്ഷ്യത്തിനായാണ് അല്ലാഹു എന്നെ എഴുന്നേൽപ്പിച്ചിട്ടുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തിരുനബി(സ) ദൈവീക അറിയിപ്പനുസരിച്ച് എല്ലാവരെയും സംബോധന ചെയ്ത് കൊണ്ട് പറഞ്ഞു:

قُلْ يَآيُّهَا النَّاسُ اِنِّيْ رَسُوْلُ اللّٰهِ اِلَيْكُمْ جَمِيْعَا

പറയുക, അല്ലയോ മനുഷ്യ സമൂഹമേ ഞാൻ നിങ്ങളിലേക്ക് എല്ലാവരിലേക്കുമായി അല്ലാഹുവിൽ നിന്ന് നിയോഗിക്കപ്പെട്ട പ്രവാചകനാകുന്നു. അത്കൊണ്ട് വിശുദ്ധ ഖുർആൻ വ്യത്യസ്ത സമയങ്ങളിൽ ഇറങ്ങിയിരുന്ന അധ്യാപനങ്ങളുടെ സമ്മേളിത രൂപമാകേണ്ടതും അനിവാര്യമായിരുന്നു. വാനലോകത്ത് നിന്ന് വ്യത്യസ്ത സമയങ്ങളിൽ വിവിധ നബിമാർ മുഖേന ഭൂനിവാസികൾക്ക് വന്നിട്ടുണ്ടായിരുന്ന സത്യസാക്ഷ്യങ്ങളും അതിൽ ഉണ്ടാകേണ്ടിയിരുന്നു. വിശുദ്ധ ഖുർആന്റെ പരിഗണനയിൽ എല്ലാ മനുഷ്യരും ഉണ്ട്. അത് പ്രത്യേകം സമൂഹത്തിലേക്കോ രാജ്യത്തിലേക്കോ കാലഘട്ടത്തിലേക്കോ ഉള്ളതായിരുന്നില്ല. നബി(സ) അല്ലാഹുവിന്റെ കല്പനയനുസരിച്ച് വിളംബരപ്പെടുത്തുന്നത്, ഞാൻ എല്ലാ ലോകത്തേക്കും അല്ലാഹുവിൽ നിന്ന് ഉള്ള പ്രവാചകനാകുന്നു എന്നാണ്. ഇത് വിശുദ്ധ ഖുർആൻ എല്ലാ ലോകത്തിനും സന്മാർഗമാണെന്നതിന് തെളിവാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധ ഖുർആൻ യുക്തിഭദ്രവും ശാശ്വതവുമായ ന്യായപ്രമാണമാകുന്നു. എല്ലാ അധ്യാപനങ്ങളുടെയും കേതാരമാകുന്നു. വിശുദ്ധ ഖുർആന്റെ ആദ്യത്തെ ദിവ്യാത്ഭുതം അത് ഉന്നത തലത്തിലുള്ള അധ്യാപനം ഉൾകൊള്ളുന്നു എന്നതാണ്. രണ്ടാമത്തേ അത്ഭുതം വിശുദ്ധ ഖുർആന്റെ മഹത്തായ പ്രവചനങ്ങളാകുന്നു. നബി(സ)ന്റെ മക്കാ ജീവിതം മുഴുവനും പ്രവചനങ്ങൾ നിറഞ്ഞതായിരുന്നു. പതിമൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം സ്ഥാപിതമാകാനുള്ള ജമാഅത്തിനെ കുറിച്ചും ആ സമയത്ത് ഉണ്ടാകുന്ന പ്രഭാവങ്ങളെയും അടയാളങ്ങളെയും കുറിച്ചും എത്ര മഹത്തായതും അതുല്യവുമായ പ്രവചനങ്ങളാണെന്ന് നോക്കുക. അതായത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തെ കുറിച്ചു ചെയ്ത പ്രവചനങ്ങളും എത്ര മഹത്തായതാകുന്നു. ഇപ്പോഴും അത് അതെ പ്രഭാവത്തോട് കൂടി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ലോകത്തുള്ള ഒരു ഗ്രന്ഥത്തിനും ഈ പ്രവചനങ്ങളോട് മത്സരിക്കാൻ സാധ്യമല്ല.

ആ മഹാത്മാവ് പറയുന്നു: വിശുദ്ധ ഖുർആന്റെ ഒരു പ്രത്യേകത അത് വ്യക്തമായും ഉപദേശിക്കുന്നത് ബുദ്ധിയും വിവേകവും ചിന്തയും വിശ്വാസവും ഉപയോഗിക്കുക എന്നാണ്. വിശുദ്ധ ഖുർആനും മറ്റു ഗ്രന്ഥങ്ങളും തമ്മിലുള്ള പ്രകടമായ വ്യത്യാസം എന്തെന്നാൽ മറ്റൊരു ഗ്രന്ഥവും തന്നെ അതിന്റെ അധ്യാപനങ്ങളെ ബുദ്ധിക്കും വിവേകത്തിനും സ്വതന്ത്ര വിമർശനത്തിനും മുന്നിൽ വെക്കാൻ ധൈര്യം കാണിക്കുന്നില്ല എന്നതാണ്. വിശുദ്ധ ഖുർആൻ ഒരു സംരക്ഷിത ഗ്രന്ഥമാകുന്നു. വിശുദ്ധ ഖുർആൻ ഗുപ്തമായ ഒരു ഗ്രന്ഥത്തിലാണ്; അതായത് വിശുദ്ധ ഖുർആന്റെ അസ്തിത്വം കടലാസുകളിൽ പരിമിതമല്ല. മറിച്ച് അത് ഗോപ്യമായ ഒരു ഗ്രന്ഥത്തിലാകുന്നു. അത് ആണ് പ്രകൃതിയുടെ ഏടുകൾ എന്ന് പറയപ്പെടുന്നത്. അതിന്റെ അധ്യാപനങ്ങളും അനുഗ്രഹങ്ങളും മാഞ്ഞുപോകുന്ന കഥാകഥനങ്ങൾ അല്ല. മറിച്ച് അത് മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കരസ്ഥമാക്കുന്നതാണ്. എന്നാൽ ഓർക്കുക, അതിന്റെ സ്വാധീനവും ഗഹനീയതയും പരിശുദ്ധരാക്കപ്പെട്ട ആളുകൾക്കാണ് തുറക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ പരിശുദ്ധീകരിക്കപ്പെട്ട ആളുകളുമായിട്ടുമുള്ള അനുഗ്രഹവും കരസ്ഥമാക്കേണ്ടത് അനിവാര്യമാണ്.

ഈ കാലഘട്ടത്തിൽ ഹദ്റത് മസീഹ് മൗഊദ്(അ) മാത്രമാണ് ഈ വിജ്ഞാനത്തിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കികൊണ്ട് ആ മഹാത്മാവ് വിവരിച്ച് തന്നിട്ടുണ്ട്. അല്ലാഹു നൽകിയ വിജ്ഞാനത്തിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കികൊണ്ട് അദ്ദേഹം വിവരിച്ച് തന്നിട്ടുള്ളത് നമ്മൾ മനസ്സിലാക്കുകയും അതെ കുറിച്ച് ചിന്തിക്കുകയും വേണം.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധ ഖുർആന്റെ പേര് ദിക്ർ അഥവാ സ്മരണ എന്ന് വെച്ചിരിക്കുന്നു; കാരണം അത് (വ്യത്യസ്ത കഴിവുകളുടെ രൂപത്തിൽ വെച്ചിട്ടുള്ള) മനുഷ്യന്റെ ആന്തരികമായ ശരീഅത്തിനെ ഉണർത്തുന്നു. സഹിഷ്ണുത, ത്യാഗം, ധൈര്യം, ശക്തി, കോപം, തൃപ്തി തുടങ്ങിയ ആന്തരീക കഴിവുകളെ ഖുർആൻ ഓർമിപ്പിക്കുന്നു.

വിശുദ്ധ ഖുർആനിൽ ശ്രദ്ധാപൂർവ്വം നോക്കുക. അതനുസരിച്ച് പ്രവർത്തിക്കുന്നത് മുഖേന നിങ്ങൾക്ക് മനുഷ്യ പ്രകൃതത്തിന്റെ ഉന്നതമായ തലം കാണിച്ച് തരും. ഇതേ കുറിച്ച് ചിന്തിക്കേണ്ടത് അനിവാര്യമാണ്. ഈ വീക്ഷണത്തിൽ ഖുർആൻ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യണം. ഇന്ന് സ്വാതന്ത്ര്യത്തിന്റെ പേരിൽ വലിയവരെയും ചെറിയവരെയുമൊക്കെ മസ്തിഷ്ക പ്രക്ഷാളനം നടത്തി വിഷംലിപ്തമാക്കാൻ ശ്രമിക്കുന്നു. ഇതിലൂടെ അവയിൽ നിന്ന് രക്ഷപ്പെടാൻ കഴിയും. നമ്മൾ ചിന്തിക്കുകയും തഫ്സീറുകൾ വായിക്കുകയും ജമാഅത്തിന്റെ സാഹിത്യങ്ങൾ പാരായണം ചെയ്യുകയുമാണെങ്കിൽ വിശുദ്ധ ഖുർആന്റെ പാഠങ്ങളുടെ വെളിച്ചത്തിൽ കുട്ടികളുടെ ചോദ്യങ്ങൾക്ക് രക്ഷിതാക്കൾക്ക് മറുപടി കൊടുക്കാൻ കഴിയുന്നതാണ്.

ഇന്നീ കാലഘട്ടത്തെ കുറിച്ച് തിരുനബി(സ)യുടെ പ്രവചനമുണ്ട്. അതായത് ജനങ്ങൾ ഖുർആൻ പാരായണം ചെയ്യുമെങ്കിലും ഖുർആൻ അവരുടെ കണ്ഠത്തിൽ നിന്ന് താഴേക്ക് ഇറങ്ങുന്നതല്ല. അത് തന്നെയാണ് നാം കാണുന്നതും. നിരവധി ഖാരിമാരും ഒട്ടനവധി ഖുർആൻ പഠിതാക്കളും ഉണ്ട്. എന്നാൽ ആരും കർമ്മപരമായി ഒന്നും ചെയ്യുന്നില്ല. മുസ്ലിംകൾ ബുദ്ധി പ്രയോഗിക്കുകയും അല്ലാഹു അയച്ച ഈ വ്യക്തിയുടെ കാര്യങ്ങൾ കേൾക്കുകയും ചെയ്തെങ്കിൽ എത്ര നന്നായേനെ. സ്വന്തം ഉള്ളിലേക്കും കാലഘട്ടത്തിന്റെ ആവശ്യത്തെയും നോക്കുക. മുസ്ലിംകളുടെ പൊതുവായ അവസ്ഥയെയും ശ്രദ്ധിക്കുക. വെറും ബാഹ്യമായ ഫത്‌വകളിൽ ശക്തി ചെലുത്തി ക്കൊണ്ട് ഇസ്‌ലാമിന് ദുഷ്പേര് ഉണ്ടാക്കാൻ ശ്രമിക്കരുത്. വിശുദ്ധ ഖുർആന്റെ യാഥാർഥ്യത്തെ മനസ്സിലാക്കുവിൻ. ചുരുക്കത്തിൽ അഹ്മദികളായ നമ്മൾ എപ്പോഴും തങ്ങളെ തന്നെ വിലയിരുത്തി നോക്കണം. നമ്മൾ എത്രമാത്രം ഖുർആന്റെ അധ്യാപനങ്ങളുടെ യാഥാർഥ്യം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

സോഷ്യൽ മീഡിയയിലെ ചെറിയ ചെറിയ പ്രോഗ്രാമുകളിൽ നിന്നും ക്ലിപ്സുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് ജനങ്ങൾക്ക് ഇസ്ലാമിന്റെ അടിസ്ഥാന അധ്യാപനങ്ങളും ചരിത്രവും പോലും അറിയുന്നില്ല എന്നാണ്. മൗലവി പറയുന്നതനുസരിച്ച് പ്രവാചകത്വത്തിന്റെയും ഖുർആനിന്റെയും സഹാബാക്കളുടെയും പേരിൽ അഹ്മദിയ്യ ജമാഅത്തിന് എതിരിൽ മുദ്രാവാക്യം മുഴക്കുകയും നഷ്ടങ്ങൾ വരുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. ബംഗ്ലാദേശിൽ നിന്ന് ഒരാൾ എനിക്ക് എഴുതുന്നു. ജാഥ വരുകയും ആക്രമണം നടത്തുകയും ചെയ്തപ്പോൾ ഒരു കുട്ടി കല്ലെടുത്തുകൊണ്ട് എറിയുകയായിരുന്നു. അവനോട് പറഞ്ഞു: ഞങ്ങൾ അഹ്മദികളാണ് നിങ്ങൾ ഇതെന്താണ് ചെയ്യുന്നത്. ഇങ്ങനെ ഖുർആനിൽ എഴുതിയിട്ടുണ്ടോ. ഇതാണോ ഇസ്ലാമിന്റെ അധ്യാപനം. അത് എവിടെയാണ് ഉള്ളത്. ഞങ്ങളും കലിമ ചൊല്ലുന്നവരാണ്. ഉടൻ തന്നെ അവൻ കല്ലുകൾ താഴേക്കിട്ടു. അതായത് മൗലവിമാർ ആവേശം ഉണ്ടാക്കുകയും അതനുസരിച്ച് അവർ പ്രവർത്തിക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹു ഈ ദ്രോഹികളുടെ ദ്രോഹത്തിൽ നിന്ന് നമ്മെ സംരക്ഷിക്കുമാറാകട്ടെ. ഈ റമദാനിലും അതിന് ശേഷവും വിശുദ്ധ ഖുർആൻ പഠിക്കാനും മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമുക്ക് തൗഫീഖ് നൽകട്ടെ. അല്ലാഹു നമ്മെ ഭൗതീകതയുടെ മാലിന്യത്തിൽ നിന്നും രക്ഷിക്കട്ടെ.

റമദാനിൽ പ്രത്യേകമായും ദുആകളിലേക്ക് ശ്രദ്ധിക്കുക. നേരത്തെയും ഞാൻ ഇത് പറഞ്ഞതാണ്. അല്ലാഹു എല്ലാ ഭാഗത്തും അഹ്മദികളെ എല്ലാ ദ്രോഹത്തിൽ നിന്നും രക്ഷിക്കട്ടെ. അല്ലാഹുവിന്റെ പക്കൽ മാറ്റത്തിന് സാധ്യമല്ലാത്തവരെ ഗുണപാഠദായകമായ അടയാളമാക്കുകയും അങ്ങനെ മറ്റുള്ളവർക്ക് അല്ലാഹുവിന്റെ കല്പന അനുസരിച്ച് പ്രവർത്തിക്കാൻ കഴിയുകയും ചെയ്യുമാറാകട്ടെ. ലോകത്തിന് വേണ്ടി പൊതുവായ നിലക്കും ദുആ ചെയ്യുക. അല്ലാഹു യുദ്ധത്തിന്റെ കെടുതിയിൽ നിന്ന് ലോകത്തെ രക്ഷിക്കട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് നമ്മുടെ ഒരു മുബല്ലിഗ് ആയിരുന്ന മുനവ്വർ അഹ്മദ് ഖുർശീദ് സാഹിബിനേയും ജമാഅത്തിന്റെ മറ്റൊരു മുബല്ലിഗ് ആയിരുന്ന ഇഖ്ബാൽ അഹ്മദ് മുനീർ സാഹിബിനെയും അനുസ്മരിക്കുകയും അവരുടെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: മൂന്നാമത്തെ അനുസ്മരണം ഖാദിയാനിലെ മർഹൂം മിയാ അബ്ദുൽ അസീം സാഹിബ് ദർവേശിന്റെ ഭാര്യ സയ്യിദ നുസ്റത്ത് ജഹാൻ ബീഗം സാഹിബയുടേതാണ്. ദർവേശി കാലഘട്ടത്തിൽ ഒഡീഷ സംസ്ഥാനത്ത് നിന്ന് വിവാഹം കഴിച്ച് വന്ന ആദ്യത്തെ സ്ത്രീ ആയിരുന്നു. അവർ തന്റെ ഭർത്താവിനോടപ്പം ദർവേശി കാലഘട്ടം ക്ഷമയോടെയും കൃതജ്ഞതയോടെയും കഴിച്ചുകൂട്ടി. നമസ്കാരത്തിലും നോമ്പിലും വളരെ കൃത്യതയും ദുആ ചെയ്യുന്ന നല്ല ആത്മാർത്ഥതയുള്ള മഹതിയും ആയിരുന്നു. കൃത്യമായി ഖുർആൻ പാരായണം ചെയ്തിരുന്നു. വിശുദ്ധ ഖുർആൻ മറ്റുള്ളവർക്ക് പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. നിരവധി കുട്ടികളും സ്ത്രീകളും അവരിൽ നിന്ന് ഖുർആൻ പഠിച്ചിട്ടുണ്ട്. ഖിദ്മത്തെ ഖൽഖിന്റെ കാര്യത്തിലും നല്ല ആവേശമുണ്ടായിരുന്നു. ഖാദിയാനിൽ സ്ത്രീകളുടെ ജനാസ കുളിപ്പിക്കുന്നതിനും മറ്റും ഒരുപാട് സേവനം ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. കാലത്തിന്റെ ഖലീഫയുമായി പ്രത്യേക ബന്ധമായിരുന്നു. മൂസിയ ആയിരുന്ന മർഹൂമയുടെ സന്തപ്ത കുടുംബത്തിൽ നാല് ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ട്. ഖുർശീദ് അൻവർ സാഹിബിന്റെ രണ്ടാമത്തെ ഉമ്മ ആയിരുന്നു. അഹ്മദിയ്യാ ചരിത്രകാരനായിരുന്ന മർഹൂം ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബിന്റെ എളാമയും ആയിരുന്നു. അല്ലാഹു അവരോട് പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. അവരുടെ സ്ഥാനങ്ങൾ ഉയർത്തുമാറാകട്ടെ. നമസ്കാരത്തിന് ശേഷം ഞാൻ ഇവരുടെയെല്ലാം ജനാസ ഗായിബ് നമസ്കരിക്കുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -


Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarack U.K. – on 31.03.2023

Malayalam Translation & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516